**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4046** **27-10-2021 - ൽ മറുപടിയ്ക്ക്**

**നഗരസഭകളിൽ ഇ-സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നഗരസഭകളിൽ ഇ-സംവിധാനം ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഓരോ സേവനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെന്ന് വിശദമാക്കാമോ ; | (എ) | നഗരസഭകൾ വഴി നല്കി വരുന്ന 213 സേവനങ്ങൾക്കായി, https://citizen.lsgkerala.gov.in/ എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കായി ഇ-ഫയലിങ്ങും ഇ-പെയ് മെന്റും ഒരുക്കിയിട്ടുണ്ട്. ലോ റിസ്ക് വിഭാഗത്തിലുള്ള കെട്ടിടനിർമ്മാണ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും പെർമിറ്റ് നൽകുന്നതിനുമായി പ്രത്യേകം ഐ.ബി.പി.എം.എസ്. (IBMPS) എന്ന സോഫ്റ്റ് വെയറും കൂടാതെ കോഴിക്കോട് നഗരസഭയിൽ സുവേഗ എന്ന സോഫ്റ്റ് വെയറും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രൊഫഷണൽ ടാക്സ് അസസ്സ്മെന്റ് & പെയ്മെന്റുകൾക്കായി ഒരു പ്രത്യേക പോർട്ടൽ ഉടനടി ആരംഭിക്കുന്നതാണ്. |
| (ബി) | ഇ-സംവിധാനം ഏർപ്പെടുത്താത്ത ഏതെങ്കിലും സേവനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്; | (ബി) | മേൽ പറഞ്ഞ 213 സേവനങ്ങൾ ഒഴികെ മറ്റെല്ലാ സേവനങ്ങളും നേരിട്ട് നൽകുന്നവയാണ്. |
| (സി) | ഏതെല്ലാം സേവനങ്ങൾക്കാണ് ഓൺലൈനായും ഓഫ്‌ലൈനായും അപേക്ഷ നൽകേണ്ടത്; രണ്ട് രീതിയിൽ അപേക്ഷ നൽകുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമോ? | (സി) | ഓൺലൈനായും ഓഫ്‌ലൈനായും അപേക്ഷ നൽകേണ്ട സേവനങ്ങൾ ഒന്നും നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ